# പ്ര തി ഭ





ദീപനാളം
കുട്ടികളോടൊപ്പം

## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714



# ദൈവം കൈയൊപ്പു ചാർത്തിയ അതുല്യപ്രതിഭ


നെടുങ്കുന്നത്തിനടുത്ത് മുണ്ടത്താനം എന്ന ഒരു ഗ്രാമത്തിൽ ദൈവാനുഗ്രഹം സിദ്ധിച്ച ഒരു കൊച്ചു കലാകാരിയുണ്ട്, അലീന ഷെറിൻ ഫിലിപ്പ്.

നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിയായ അലീന മുണ്ടത്താനം പരത്തമല വീട്ടിൽ റെജി ഫിലിപ്പിന്റെയും റൈനി ഫിലിപ്പിന്റെയും മൂന്നാമത്തെ പുത്രിയാണ്. പ്രായത്തിനപ്പുറം കലാവൈഭവം സിദ്ധിച്ച ഈ കൊച്ചുചിത്രകാരി ഇന്നു നാടിന്റെ അഭിമാനമാണ്.

എൽ.കെ.ജിയിൽ പഠിക്കുമ്പോഴേ വിരലുകളിൽനിന്നുതിർന്ന ചിത്രങ്ങൾ കാഴ്ചക്കാരെ വിസ്മയഭരിതരാക്കി. വളരുംതോറും സർഗവൈഭവത്തിനു ചൈതന്യമേറി. വാട്ടർ കളർ, പെൻസിൽ ഡ്രോയിങ്, ഓയിൽ പെയിന്റിങ്, ഫാബ്രിക് പെയിന്റിങ്, വോൾ പെയിന്റിങ് തുടങ്ങിയ രീതികളിൽ അലീന ചിത്രങ്ങൾ രൂപപ്പെടുത്തുന്നു. ഏതു മാധ്യമമുപയോഗിച്ച് അലീന ചിത്രം വരച്ചാലും അതു കാഴ്ചക്കാരെ അമ്പരപ്പിക്കും.

രണ്ടായിരത്തിലധികം ചിത്രങ്ങൾ ഇതിനകം അലീന വരച്ചുകഴിഞ്ഞിരിക്കുന്നു. കൊറോണക്കാലത്ത് വീട്ടിൽത്തന്നെയിരുന്ന് വിരസതയിലെത്താതെ ചിത്രരചനയിലേർപ്പെട്ടു. ലോകം പേടിച്ച രണ്ട കാലത്ത് അലീന വർണങ്ങളുടെ ലോകത്തായിരുന്നു. അങ്ങനെ ശ്രദ്ധേയയായ ചിത്രകാരിയായി. അന്താരാഷ്ട്രതലത്തിൽപ്പോലും അംഗീകാരം ലഭിക്കേണ്ട മികവിലെത്തി.











കേരളസർക്കാരിന്റെ ഉജ്ജ്വലബാല്യപുരസ്കാരം നേടിയതോടെയാണ് ഈ കുട്ടിയെ ലോകം അറിഞ്ഞുതുടങ്ങിയത്. ജർമനി, ഇറ്റലി എന്നീ രാജ്യങ്ങളിലും തമിഴ്നാട്ടിലും അലീനയുടെ ചിത്രങ്ങളെ

വ്യക്തികളുടെ ഛായാചിത്രങ്ങൾ വരയ്ക്കുന്നതിൽ അലീന മിടുമിടുക്കിയാണ്. മാർപാപ്പാ, അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് പവ്വത്തിൽ, മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് തറയിൽ, നരേന്ദ്രമോദി, പിണറായി വിജയൻ, ഉമ്മൻ ചാണ്ടി, ജയരാജ്, മോഹൽലാൽ തുടങ്ങി അനേകം പ്രഗല്ഭരുടെ ജീവൻ തുടിക്കുന്ന ചിത്രങ്ങൾ അലീന വരച്ചിട്ടുണ്ട്.

ലണ്ടനിലെ ബിഗ്ബെൻ ടവർ, ചങ്ങനാശ്ശേരി എസ്.ബി. കോളജ്, അടുക്കളയിൽ പാചകം ചെയ്യുന്ന വീട്ടമ്മ, പാമ്പാടി രാജൻ (ആന), മനോഹരമായ അനേകം പ്രകൃതിദൃശ്യങ്ങൾ തുടങ്ങിയവയെല്ലാം അലീന വരച്ച ചിത്രങ്ങളിൽപ്പെടുന്നു.

ത്തിയിട്ടുണ്ട്. കേരള ടൂറിസം വകുപ്പിന്റെ 2018 ലെ ക്ലിന്റ് സ്മാരകപുരസ്കാരം, 2017 ൽ വനംവകുപ്പിന്റെ ചിത്രരചനാമത്സരത്തിൽ ഒന്നാംസ്ഥാനം, കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ 2017 ലെ സംസ്ഥാന സാഹിത്യോത്സവത്തിൽ ഒന്നാംസ്ഥാനം, ദീപനാളം 2022 ൽ സംസ്ഥാനതലത്തിൽ നടത്തിയ ചിത്രരചനാമത്സത്തിൽ ഒന്നാംസ്ഥാനം തുടങ്ങിയവ അലീനയുടെ നേട്ടങ്ങളിൽ ചിലതാണ്.

ദേശീയ, സംസ്ഥാനതലങ്ങളിൽ നിരവധി അംഗീകാരങ്ങളാണ് ഈ കൊച്ചുമിടുക്കി ഇതിനോടകം വാരിക്കൂട്ടിയത്. ഖത്തറിൽനിന്നുകൊണ്ടുവന്ന ചുരയ്ക്കയിൽ വരച്ച അവിടുത്തെ രാജകൊട്ടാരത്തിന്റെയും സുൽത്താന്റെയും പതാക, ഖത്തർ എയർവെയ്സ് എന്നിവയുടെ ചിത്രങ്ങളും വിദേശത്തുള്ളവരെപ്പോലും അമ്പരപ്പിച്ചു.

രാജേഷ് മണിമല, സോമൻ കടയിനിക്കാട്, ആഷിക് അലി ഖാൻ എന്നിവരാണ് ചിത്രകലയുടെ ആദ്യകാലഗുരുക്കന്മാർ. ഉപരിപഠനത്തിനായി ചിത്രകലാ അക്കാദമിയിലോ വിദേശരാജ്യങ്ങളിലോ ചേരാനാഗ്രഹിക്കുന്നു. വരകളുടെയും വർണങ്ങളുടെയും ലോകത്ത് തന്റേതായ ഒരു ഇരിപ്പിടം കണ്ടെത്തണമെന്ന് അലീന ആഗ്രഹിക്കുന്നു. മാർപാപ്പായുടെ ചിത്രം വരച്ച് അദ്ദേഹത്തിനു നേരിട്ട് സമർപ്പിച്ച് ആശീർവാദം നേടണമെന്നതാണ് അലീനയുടെ ഏറ്റവും വലിയ ആഗ്രഹം.

ചങ്ങനാശ്ശേരി അതിരൂപതയിലെ മുണ്ടത്താനം ഇടവകാംഗമാണ്. മാതാപിതാക്കളും സഹോദരിമാരായ അനു ഷാലറ്റും മരിയ ഷാരോണും അലീനയുടെ കലാവാസനയെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നു. കേന്ദ്രസർക്കാരിന്റെ അവാർഡും ലോക റിക്കോർഡും കരസ്ഥമാക്കാനുള്ള ശ്രമത്തിലാണിപ്പോൾ അലീന.

▪ജോസുകുട്ടി കുട്ടംപേരൂർ

## കൈവിരലുകൾകൊണ്ട് വിസ്മയം തീർത്ത് ഫിയോണ



പഠനരംഗത്തു മാത്രമല്ല കലാരംഗത്തും വിസ്മയം തീർക്കുകയാണ് ഫിയോണ എലിസബത്ത് മാത്യു. നിമിഷങ്ങൾ കൊണ്ടു കരകൗശലവസ്തുക്കൾ നിർമ്മിക്കുകയാണ് ഫിയോണയുടെ ഹോബി. അദ്ഭുതങ്ങൾ സൃഷ്ടിക്കുന്നത്. കോഴിമുട്ടയെടുത്ത് അതിന്റെ ഒരു മൂല പൊട്ടിച്ച്, അകം വൃത്തിയാക്കി സോപ്പിട്ടു കഴുകി ഉണക്കിയെടുക്കുന്നു. പിന്നീട് പഞ്ഞി ഒട്ടിക്കണം. ദ്വാരമിട്ട ഭാഗത്തു പഞ്ഞി ഉരുട്ടി തലപോലെയാക്കുന്നു. പിന്നീട് ചുവന്ന കളർ പേപ്പർ ത്രികോണാകൃതിയിൽ ഉരുട്ടിയെടുത്ത് ചുണ്ട് ഒട്ടിക്കുന്നു.



കണ്ണിന് ഇരുവശത്തുമായി കറുത്ത പൊട്ട് ഇടുന്നതോടെ ഒരു കോഴിക്കുഞ്ഞ് റെഡി. ഒരു ചെറിയപാത്രമെടുത്ത് അതിനുള്ളിൽ പഞ്ഞി നിറച്ചു കോഴിക്കുഞ്ഞിനെ പ്രതിഷ്ഠിക്കുന്നു.

പക്ഷിക്കൂടുണ്ടാക്കാൻ - ചികിരിച്ചോറ് കളഞ്ഞ് ചകിരിനാര് എടുക്കണം. ചിരട്ടയിൽ പശതേച്ച് ചകിരി വട്ടത്തിൽ ഒട്ടിക്കുക. അപ്പോൾ കൂടു റെഡിയായി.

ഫിയോണയുടെ മാതാപിതാക്കൾ ഇപ്പോൾ ഹൈദ്രബാദിലാണു താമസം. അവിടത്തെ ഗോൾഡൻ ഓക്ക് സ്കൂൾ രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ് ഈ കൊച്ചുമിടുക്കി. അഞ്ചാം വയസ്സിലാണ് ചിത്രരചനയും പെയിന്റിങ്ങും ഹോബിയായി മാറ്റിയെടുത്തത്.

പാലാ-കരൂർ ചിറ്റേട്ട് മാത്യു അഗസ്റ്റിന്റെയും ലിഡാ ജോസഫിന്റെയും മകളാണ് ഫിയോണ.

■ജോസഫ് കുമ്പുക്കൻ





1. മാധ്യമകുലപതിയായ ബിബിസി വാർത്താപ്രക്ഷേപണം ആരംഭിച്ചതെന്ന്?
2. യു.കെയുടെ ചരിത്രത്തിൽ ലിസ് ട്രസിനു മുമ്പ് ഏറ്റവും കുറഞ്ഞ കാലം പ്രധാനമന്ത്രിയായിരുന്ന വ്യക്തി?
3. ചങ്ങമ്പുഴയുടെ 'രക്തപുഷ്പങ്ങൾ' എന്ന കവിതാസമാഹാരം പുറത്തിറങ്ങിയതെന്ന്? എവിടെനിന്ന്?
4. 2022 ലെ സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരജേതാവ്?
5. ഇന്ത്യയിൽ ഹിന്ദി സംസാരിക്കുന്നവർ ഏറ്റവും കുറവുള്ള സംസ്ഥാനം?
6. സംസ്ഥാനസർക്കാർ ഈയിടെ പ്രഖ്യാപിച്ച പ്രഥമ കേരളപുരസ്കാരങ്ങൾക്കു മാതൃകയേത്?
7. റിസർവ് ബാങ്കിന്റെ ഡിജിറ്റൽ കറൻസിയുടെ ആദ്യപരീക്ഷണത്തിൽ പങ്കാളികളാകുന്ന ബാങ്കുകളെത്ര?
8. കേരളസർക്കാർ നല്കുന്ന ഏറ്റവും വലിയ സാഹിത്യപുരസ്കാരം?
9. കേരളത്തിന്റെ ഔദ്യോഗികപുഷ്പം?
10. ഇന്ത്യയിൽ 5 ജി (അഞ്ചാം തലമുറ ടെലികമ്മ്യൂണിക്കേഷൻ) സേവനങ്ങൾ അവതരിപ്പിച്ചു കൊണ്ടുള്ള ഔദ്യോഗികപ്രഖ്യാപനം നടത്തിയതാര്? എന്ന്?

**ഉത്തരങ്ങൾ:**

(1) 1922 നവംബർ 14 (2) ജോർജ് കാനിങ് (3) 1941, പാലാ (4) ആനി എർനൊ (5) കേരളം (6) പദ്മ പുരസ്കാരങ്ങൾ (7) 9 (8) എഴുത്തച്ഛൻ പുരസ്കാരം (9) കണിക്കൊന്ന (10) പ്രധാനമന്ത്രി നരേന്ദ്രമോദി, 2022 ഒക്ടോബർ 1







ഹരിനന്ദന ഡി.
പ്ലസ് ടു
എം.ഡി. എച്ച്.എസ്. എസ്.
കോട്ടയം

## ചിന്ത

ചിന്തകൾ അച്ചടക്കമില്ലാത്തവയാണ്.
മനസ്സിന്റെ അടച്ചിട്ട വാതായനങ്ങൾ തുറന്ന്
അവ ചിലപ്പോഴൊക്കെ പുറത്തിറങ്ങും.
കാണരുതെന്നു തീർച്ചയാക്കിയവ കാണിച്ചുതരും.
മറക്കാൻവച്ച നൊമ്പരങ്ങളെ
ഓർമ്മയുടെ തളികയിൽ വിളമ്പിവയ്ക്കും.
കിട്ടില്ലെന്നുറപ്പുള്ളതിനെക്കാട്ടി കൊതിപ്പിക്കും
മനസ്സിൽ ചിതകൂട്ടി അതിൽ
ചൂടുകായാനിരിക്കും
നഷ്ടങ്ങളുടെ ഉമിത്തീയിൽ
നമ്മെ വേവാനിടും
നൊമ്പരങ്ങളുടെ
മരുഭൂമിയിലൂടെ
വെറുതേ നടത്തും.
കണ്ണീരുപ്പുകൂട്ടി
സ്വപ്നങ്ങളുടെ പാഥേയം
ഉണ്ണാൻ തരും
വെറുതേ ഈ ചിന്തകൾ.



## പ്രകൃതിമനോഹരീ സന്തോഷദായിനീ



ഭാവന ആർ.
എം.എ. സാഹിത്യപഠനം
മലയാളം സർവകലാശാല,
തിരൂർ.

സാധാരണ മഴക്കാലപ്രഭാതങ്ങളെപ്പോലെ, നനഞ്ഞു കുളിച്ചു നാണിച്ചു മുഖംപൊത്തി നിൽക്കുന്ന ഒരു സുന്ദരിയായിരുന്നില്ല ഇന്നത്തെ പ്രഭാതം.

കിളികളുടെ സന്തോഷവും ഉത്സാഹവും നിറഞ്ഞ കലപില ശബ്ദം കേട്ടാണ് ഞാൻ ഉറക്കമുണർന്നത്. അതിനാൽത്തന്നെ ഞാൻ എന്നത്തേക്കാളും ഉന്മേഷഭരിതയായി. എങ്ങോട്ടേക്കാണ് ഈ പക്ഷികളെല്ലാം സന്തോഷത്തോടെ ആർത്തുവിളിച്ചു പറന്നുപോകുന്നതെന്ന് ഞാൻ അദ്ഭുതത്തോടെ ഓർത്തു. ജനൽപ്പാളികൾ തുറന്നു പുറത്തേക്കു നോക്കി. മഴയില്ലാത്ത, നല്ല തെളിച്ചമുള്ള പുലർകാലം. സൂര്യൻ തന്റെ ആദ്യകിരണങ്ങളാകുന്ന കരങ്ങൾകൊണ്ട് മനോഹരമായ കവിളുകളിൽ മൃദുവായി തലോടിയപ്പോൾ, പുഷ്പങ്ങൾ പതിയെപ്പതിയെ മടിച്ചുമടിച്ചു മിഴികൾ തുറന്നു ചുറ്റുപാടും നോക്കി. മുഖം കുനിച്ചു നിന്ന ഒരു നവവധു, പതിയെപ്പതിയെ മുഖമുയർത്തി നോക്കുന്നതുപോലെ...

എത്ര മനോഹരിയാണ് ഈ പ്രകൃതി!

അവൾ നമുക്കായി എന്തെല്ലാമാണ് ഒരുക്കിയിരിക്കുന്നത്! മുകളിൽ നീലിമയാർന്ന വാനം, ചുറ്റും ഹരിതാഭമായ ഈ ഭൂമി, കരിനീലനിറമുള്ള ചക്രവാളസീമകൾ, വെള്ളപ്പളുങ്കുമണികൾ കിലുകിലെ കിലുക്കിയൊഴുകുന്ന കുളിരരുവികൾ, എല്ലാം എത്ര ചാരുതയാർന്നവയാണ്!

എന്നാൽ, തിരക്കേറിയ ജീവിതത്തിനിടയിൽ ഇതൊന്നും കാണാനോ ശ്രദ്ധിക്കാനോ ആസ്വദിക്കാനോ ഒന്നും നമുക്കു തീരെ സമയം കിട്ടാറില്ല എന്നതാണു സത്യം.

എപ്പോഴെങ്കിലും നിങ്ങൾ നിങ്ങളുടെ മുറ്റത്തോ പറമ്പിലോ തൊടികളിലോ പോയി കുറച്ചുസമയം തനിയെ ഇരുന്നിട്ടുണ്ടോ? കളകളനാദം പൊഴിച്ചുകൊണ്ടു ശാന്തമായൊഴുകുന്ന ഒരു അരുവിയുടെ തീരത്ത് ഒറ്റയ്ക്കു പോയിരുന്നിട്ടുണ്ടോ? ചക്രവാളത്തെയും സൂര്യാസ്തമയത്തെയുമൊക്കെ നോക്കിയിരുന്നിട്ടുണ്ടോ? ആളൊഴിഞ്ഞ ഏതെങ്കിലും ഒരു ദേവാലയത്തിൽ കുറെസമയം വെറുതെ ഇരുന്നിട്ടുണ്ടോ? ചന്ദ്രികയാലും നക്ഷത്രങ്ങളാലും കമനീയമായി അലങ്കരിച്ച സുന്ദരമായ ആകാശത്തെ നോക്കിക്കിടന്ന് ആ ഭംഗിയെ ആവോളം ആസ്വദിച്ചിട്ടുണ്ടോ?

ഇതൊന്നും ഇല്ലായെങ്കിൽ നിങ്ങൾ നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും മനോഹരങ്ങളായ കുറെ നിമിഷങ്ങൾ നഷ്ടപ്പെടുത്തിയെന്നുവേണം പറയാൻ. കാരണം, ഈ പറഞ്ഞവയിൽനിന്നെല്ലാം കിട്ടുന്ന ഒരു സന്തോഷമുണ്ട്, ശാന്തിയുണ്ട്, സമാധാനമുണ്ട്. അത് അനിർവചനീയമാണ്. പ്രകൃതിയിൽനിന്നുള്ള ശാന്തിയെയും സന്തോഷത്തെയുമെല്ലാം നമുക്കു നമ്മുടെ മനസ്സിലേക്ക് ആവാഹിക്കാൻ കഴിയും. അപ്പോൾ നമ്മുടെ മനസ്സിലും കുറെ നേരത്തേക്കെങ്കിലും ആ ഒരു ശാന്തി, സന്തോഷം വന്നുനിറയും.

നമുക്കറിയാം, നമ്മുടെയത്രയും ആയുസ്സില്ലെങ്കിൽപ്പോലും, പ്രകൃതിയിലെ പക്ഷികളും പൂമ്പാറ്റകളും എല്ലാം എത്ര സന്തോഷത്തോടെയാണു ജീവിക്കുന്നത്! ഓരോ നിമിഷവും അവർക്ക് ആസ്വദിക്കാൻ കഴിയുന്നു. അതാണ് നമ്മളും കണ്ടുപഠിക്കേണ്ടത്. നമ്മുടെ മുന്നിലുള്ള വളരെ കുറച്ചു നിമിഷങ്ങളെ, സന്തോഷംമാത്രം നിറച്ച് ആവോളം മനോഹരങ്ങളാക്കി മാറ്റാം, അതുവഴി നമുക്കു ചുറ്റുമുള്ളവരിലേക്കുകൂടി നമ്മുടെ സന്തോഷങ്ങൾ പകർന്നുനൽകാം. ■



# വിശ്വാസത്തിന്റെ താക്കോൽ



**ആൽബിൻ കൊട്ടാരം**
സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ മൈലക്കൊമ്പ്

പ്രപഞ്ചമിങ്ങനെ ചടുലമായി മുന്നോട്ടുപോകുന്നത് ബന്ധങ്ങളുടെ കണ്ണികളാലാണ്. ആ കണ്ണികളാകട്ടെ വിശ്വാസത്തിൽ വേരൂന്നിയിരിക്കുന്നു. തന്റേതായ ഇടത്തിലേക്കു മറ്റൊരുവനെ അടുപ്പിക്കാനുള്ള തയ്യാറാവലാണു വിശ്വാസം. തന്റെ ശരീരം, മനസ്സ്, ആത്മാവ്, വികാരങ്ങൾ, അസ്വസ്ഥതകൾ, അനുഭവങ്ങൾ എന്നിവയുൾപ്പെടുന്ന ജീവിതപ്പുസ്തകത്തെ വായിക്കാനായി തുറക്കുന്ന താളുകളുടെ എണ്ണമാണു വിശ്വാസത്തിന്റെ അളവുകോൽ.

നമ്മുടെയെല്ലാം പല പരിഭവങ്ങൾക്കും സന്തോഷങ്ങൾക്കും ഹേതുവാകുന്നത് ഈ വിശ്വാസച്ചരടിലൂടെത്തന്നെയാണ്. തന്റേതു മാത്രമായിരുന്നതു പങ്കിടുമ്പോൾ ലഭിക്കുന്ന സംതൃപ്തി, സമാധാനം, സന്തോഷം, ലഘൂകരിക്കപ്പെടുന്ന സങ്കടങ്ങൾ ഇവയെല്ലാം വിശ്വാസത്തിലൂടെ സാധ്യമാകുന്നതാണ്.

എന്നാൽ, ഇതേ വിശ്വാസം ചൂഷണം ചെയ്യുന്നവരും, അതിനാൽ വഞ്ചിക്കപ്പെടുന്നവരുമുണ്ട്. ഒരാൾ നമുക്കു നൽകുന്ന അയാളുടെ താക്കോലാണു വിശ്വാസം. അതുപയോഗിച്ച് അയാളുടെ ജീവിതത്തെ നിയന്ത്രിക്കാനും നാശത്തിലേക്കു നയിക്കാനും നമുക്കു സാധിക്കും. ഈ നാളുകളിൽ നാം കാണുന്ന ദുരന്തപരമ്പരകളുടെയെല്ലാം മൂലകാരണവും ഈ വഞ്ചനയാണ്.

മറ്റൊരു പക്ഷം, താൻ നൽകുന്ന വിശ്വാസത്തിന്റെ താക്കോൽ തന്റെ സുഹൃത്തിന്, പങ്കാളിക്കു സ്വീകാര്യമല്ലെന്ന മിഥ്യാധാരണയിൽനിന്നുയിരെടുക്കുന്ന നിരാശയും സങ്കടവും വിഷാദവുമൊക്കെയാണ്. അവ, വെറുപ്പിലേക്കും ആത്മഹത്യയിലേക്കുമൊക്കെ നയിക്കാൻ സാധ്യതയുണ്ട്.

ചുരുക്കത്തിൽ, മനുഷ്യൻ വിശ്വാസത്തിന്റെ ചരടുകളിൽ ജീവിക്കുമ്പോൾ അവയെ ശരിയായി കോർക്കാൻ ശ്രദ്ധിക്കണം. ഉചിതമായ ഇടങ്ങളിലും വ്യക്തികളിലുമാണ് തന്റെ താക്കോലുകളെന്ന് ഉറപ്പിക്കാൻ നിരന്തരമുള്ള വിചിന്തനം ആവശ്യമാണ്. അതിരുവിട്ട് അടിമത്തത്തിലേക്കു സ്വയം സമർപ്പിക്കുന്ന സമ്പൂർണവിശ്വാസത്തിന്റെ ആപത്തുകളും പരിഗണിക്കണം. പരിശുദ്ധാത്മാവിന്റെ വിവേകം ഇതിനായി നമുക്കു യാചിക്കാം. ■

## Poems

**AGNES MANUEL ALANY**
Standard 2B,
Loreto Convent School
Mumbai



### BABY JESUS

Baby Jesus, You are the Son of God
You are the King of my heart
You are the Saviour of all generations
You are in me and I am in you
I call you my Abba



### ST.JOSEPH

St. Joseph, you are the father of Jesus
And guardian of Mary
You are the teacher of Boy Jesus
You teach him everything to live
and love God



# നഗരത്തിലെ കൊച്ചമ്മമാർ!



**അവന്തിക അഭിജിത്ത്**
8-ാം ക്ലാസ്
ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ
ചെമ്മലമറ്റം



നഗരത്തിലെ ചേരിയിൽ ഇന്നു സ്റ്റൈൽ ലേഡീസ് ക്ലബ്ബിലെ കൊച്ചമ്മമാർ നടത്തിയ സെമിനാറിന്റെ വിഷയം കൃത്രിമപാനീയങ്ങളുടെയും ജങ്ക് ഫുഡ്സിന്റെയും സ്ഥാനത്ത് നാടൻഭക്ഷണവും പാനീയങ്ങളും തിരികെക്കൊണ്ടുവരിക എന്നതായിരുന്നു.

ക്ലാസ്സുകഴിഞ്ഞ് കൊച്ചമ്മമാർ പോയതോ, അടുത്തുള്ള ഫൈവ് സ്റ്റാർ ഹോട്ടലിലേക്ക്... ബർഗറും കൊക്കൊക്കോളയും ഓർഡർ ചെയ്യാൻ!

കവിത

# കറ





**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ, എറണാകുളം

വരളുന്ന ചുണ്ടിലെ കറയുള്ളൊരോർമ്മയിൽ
കവിതകൾപോലും മടിച്ചുനിൽക്കെ

കാലം കൊളുത്തിയ നീറ്റുതീയിൽ ഞാൻ
പോയ നാളിനെയോർത്തു പോകുന്നു...

ഇനിയൊരു പുലരിയും തേടുവാനില്ലാത്ത
പാപിക്കായ് കാക്കകൾ വട്ടമിട്ടലയുമ്പോൾ

മോഹം കറുത്തൊരീ ഹൃദയത്തിലിന്നിതാ
ലഹരി വരുത്തിയ വ്രണങ്ങൾ പഴുക്കുന്നു

നാളെയുടെ നെറുകയിൽ ചൂടിക്കുവാനിനി-
യില്ലൊരു താരുണ്യഹർഷസുഗന്ധികൾ

തരളമാം തെന്നലും ഇളവെയിൽ കാന്തിയും
മഞ്ഞും മഴയും പക്ഷിതൻ രാഗവും

ചിതലെഴും ജനലിന്റെ അഴിയിലൂടതിസൂക്ഷ്മം
കാണാമെനിക്കിന്ന് വിദൂരമാണെങ്കിലും

വിധി നെയ്ത മഞ്ചത്തിൽ മരുന്നുഗന്ധങ്ങളായ്
മല്ലടിക്കുന്നു ഞാൻ കാലങ്ങളാകവേ .....

കണ്ണുനീരുപ്പിന്റെ കനവിൽവിളയുന്ന
ഏകാന്തയാമങ്ങൾ കുതിർന്നുപോയെങ്കിലും

പുകയാണ് മുറിയിലും ഉറയുന്ന ചുണ്ടിലും
ലഹരിയുടെ ചുടലകൾ എരിയുമെൻ നെഞ്ചിലും

# ചൈത്രരാവിൻ ഓമലാളും ശ്യാമസന്ധ്യാരാഗവും



**ജയലക്ഷ്മി ജി.**
എം.എ. ഇക്കണോമിക്സ്
ഒന്നാം വർഷം
ഇഗ്നോ, സി.എം.എസ്. കോളജ്, കോട്ടയം

മഴനനഞ്ഞ് ഉറക്കമെത്താതെ കൺതുറന്നു കിടക്കുന്ന രാത്രിയെ ഉറക്കാനായി ഒരു പാട്ടു കേൾക്കുന്നു. നഷ്ടസ്മൃതികളിലേക്ക് ചിലപ്പോഴെങ്കിലും ഇറങ്ങിച്ചെല്ലാത്തവരായി ആരുണ്ട്! അത്രമേൽ ഒന്നായിരുന്നവർ പിരിഞ്ഞുപോകുമ്പോൾ അവരെ ഓർത്തുവയ്ക്കാൻ ഒരു പാട്ടിന്റെ വരികളിൽ അഭയം പ്രാപിക്കുന്നവർ ഉണ്ടാവില്ലേ? അവർക്ക് 'രാവിൽ നിലാക്കായൽ' എന്ന പാട്ട് പ്രിയപ്പെട്ട താരാട്ടായിരിക്കും.

1999 ൽ പുറത്തിറങ്ങിയ മഴവില്ലെന്ന സിനിമയിലെ ഈ പാട്ട് സുപരിചിതമാണ്. മോഹൻ സിതാര ശ്രീരാഗത്തിൽ ഈണം നൽകിയ ഗാനമാണിത്. പാട്ടുപാടിയവർ മലയാളത്തിന്റെ പ്രിയപ്പെട്ട ഗായകരായ യേശുദാസും ചിത്രയും.

ഈ ചിത്രത്തിൽ വിനീത് അവതരിപ്പിക്കുന്ന കഥാപാത്രമായ വിജയ് കൃഷ്ണ തന്റെ പ്രേയസിയായ നീനയെ (പ്രവീണ) ഓർക്കുന്ന ഗാനരംഗമാണിത്. ഒരിക്കലും തിരിച്ചുവരില്ലെന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാനാവാത്ത മനുഷ്യർ അവർക്കു പ്രിയപ്പെട്ടവരുടെ ഓർമകളെ അവരുടേതായ രീതിയിൽ ജീവനുള്ളവയായി നിലനിർത്താൻ ശ്രമിക്കും. എവിടെയെങ്കിലും കുത്തിക്കുറിക്കുന്ന വരികളായോ ഈണങ്ങളായോ വരകളായോ നിർമിതികളായോ മറ്റോ കടന്നുപോയവർ പിന്നീടും ജീവിക്കുന്നു.

ഈ പാട്ടിന്റെ സംഗീതവും സാഹിത്യവും അവളെ തേടുന്നു. പള്ളിത്തേരിൽ വന്നെത്തുന്ന വെള്ളിത്തിങ്കളും ഓടക്കൊമ്പിൽ ഓളം തുള്ളിയെത്തുന്ന കാറ്റിന്റെ കൊരലാരവും പീലിക്കാവിൽ വർണം പെയ്ത പൂമഴയിൽ തേടിയെത്തിയ നീലാകാശവുമെല്ലാം അവളെ അന്വേഷിക്കുന്നു. അവൾക്കു രണ്ട് ഓമനപ്പേരുകളാണ് ഗാനരചയിതാവായ കൈതപ്രം നൽകിയത്: ചൈത്രരാവിൻ ഓമലാളും ശ്യാമസന്ധ്യാരാഗവും. എത്ര ഭംഗിയാണ് ആ രണ്ടു പ്രയോഗങ്ങൾക്ക്.

നീയെവിടെ നീയെവിടെ
ചൈത്രരാവിൻ ഓമലാളേ
പോരൂ നീ -

ചൈത്രമാസത്തിലെ രാവിന്റെ ഓമലാൾ ഒരുപക്ഷേ, ചന്ദ്രനെപ്പോലെ അകലേന്നു നോക്കി നിൽക്കുന്നവളാവാം!

ഇനി വരുമോ ഇനി വരുമോ ശ്യാമസന്ധ്യാരാഗമേ എൻ മുന്നിൽ നീ - അങ്ങനെ രാഗമായൊരുവൾ മുന്നിൽ വന്നാൽ ശ്യാമനിറം പടർന്ന സന്ധ്യയ്ക്കാവുമോ അവൾക്കാവുമോ ഏറെ ഭംഗി?

ഒരു പാട്ടിന്റെ ആത്മാവ് വരികളിലും സംഗീതത്തിലും ലയിച്ചുചേർന്നിട്ടുണ്ടാവാം. അതാവും ചില പാട്ടുകളുടെ വരികളോടും സംഗീതത്തോടും ആ പാട്ടു പാടി കേൾപ്പിച്ച ഗായകൻ / ഗായികയോടുമൊക്കെ നമുക്കു സ്നേഹം തോന്നുന്നത്. പ്രവീണ അവതരിപ്പിച്ച കഥാപാത്രങ്ങളിൽ പെട്ടെന്നു മാഞ്ഞുപോയ നീനയും ഭൂതകാലം പേറി നടന്ന വിനീത് അവതരിപ്പിച്ച വിജയ് കൃഷ്ണനും കവിത പോലെയോ പ്രണയംപോലെയോ നമുക്ക് അനുഭവപ്പെടുന്നത്.

രജനീഗീതങ്ങൾപോലെ വീണ്ടും ആരെങ്കിലും കേൾക്കുന്നുണ്ടാവും ഈ പാട്ട്. അവരുടെ ചൈത്രരാവിൻ ഓമലാളും ശ്യാമസന്ധ്യാരാഗവും ഇതറിയുന്നുണ്ടാവുമോ? ■

# ജനാധിപത്യം ഒരു നവീനാശയമോ?



ആഷിൻ അനിൽ മേലേടം
ബി.എ. ഹിസ്റ്ററി രണ്ടാം വർഷം
സെന്റ് തോമസ് കോളജ്, പാലാ




സ്വേച്ഛാധിപത്യം സ്വാഭാവികമായും ജനാധിപത്യത്തിൽനിന്ന് ഉയർന്നുവരുന്നു. ഏറ്റവും തീവ്രമായ സ്വാതന്ത്ര്യത്തിൽനിന്നുള്ള സ്വേച്ഛാധിപത്യത്തിന്റെയും അടിമത്തത്തിന്റെയും ശക്തമായ രൂപം. – പ്ലേറ്റോ.

ജനാധിപത്യത്തെക്കുറിച്ചും അതിന്റെ പോരായ്മ അതിൽത്തന്നെ അന്തർലീനമായിരിക്കുന്നതിനെക്കുറിച്ചും പ്ലേറ്റോ പറഞ്ഞ വാക്കുകളാണിത്. നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ടായിട്ടും ജനാധിപത്യത്തിന്റെ അടിസ്ഥാനശൈലി സമകാലികമായി ഇന്നും അതിൽത്തന്നെ നിലനിൽക്കുന്നു.

## ജനാധിപത്യം ഒരു നവീനാശയമോ?

ലോകത്തിന്റെ ചിന്തകളെയും ധാരണകളെയും മാറ്റിമറിച്ച ഒന്നായിരുന്നു ഡാർവിന്റെ പരിണാമ സിദ്ധാന്തം. ജീവിവർഗങ്ങൾ പരിണമിച്ചാണ് ഇന്നുള്ള നിലയിലെത്തിയതെന്ന് ഡാർവിൻ വാദിച്ചു. ഡാർവിന്റെ നിരീക്ഷണങ്ങളാണ് അദ്ദേഹത്തെ പരിണാമം എന്ന സിദ്ധാന്തത്തിലെത്തിച്ചത്. നിരീക്ഷണങ്ങളാണ് പരിണാമത്തെ നിർവചിച്ചത്. ഇതു നമുക്കു ജനാധിപത്യത്തിലും കാണാൻ കഴിയും. ജനാധിപത്യം നവീനമായി സൃഷ്ടിക്കപ്പെട്ട ഒരു ആശയമല്ല; മറിച്ച്, നിരന്തരമായ പരിണാമത്തിലൂടെ പാർലമെന്ററിവ്യവസ്ഥയിൽ അത് എത്തിനിൽക്കുന്നുവെന്നതാണു യാഥാർത്ഥ്യം.

മനുഷ്യൻ നാടോടികളായി അലഞ്ഞുനടന്ന കാലം മുതൽ ജനാധിപത്യം സന്തതസഹചാരിയായി കൂടെയുണ്ടായിരുന്നു. ഒരു സംഘത്തെക്കുറിച്ചു ചിന്തിക്കുക. അതിൽ കായികമായും ബുദ്ധിപരമായും മുന്നിൽ നിൽക്കുന്ന ഒരാളെ സംഘാംഗങ്ങൾ തങ്ങളുടെ നേതാവായി അംഗീകരിക്കുന്നു. അവിടെയാണ് ജനാധിപത്യം ആരംഭിക്കുന്നത്. ബാലറ്റോ പ്രചാരണങ്ങളോ പ്രാചീന ജനാധിപത്യത്തിന് ആവശ്യമില്ലായിരുന്നു. ഇതിന്റെയെല്ലാം പരിഷ്കരിച്ച ഒരു രൂപമാണ് ഇന്നത്തെ പാർലമെന്ററിവ്യവസ്ഥയെന്നത്.

## സമകാലിക ജനാധിപത്യം

വികസിതരാജ്യങ്ങളുടെ മുഖമുദ്രയായി ഡെമോക്രസി പരിവർത്തനപ്പെട്ടു. വികസനമാഗ്രഹിക്കുന്ന ഏതൊരു രാജ്യത്തിനും ജനാധിപത്യം അനിവാര്യമാണ്. അതേസമയം, പല ഡെമോക്രാറ്റിക്‌രാഷ്ട്രങ്ങളും തിയോക്രാറ്റിക് നേഷനുകളായും സൈനികഭരണരാഷ്ട്രങ്ങളായും മാറുന്നതും നാം കാണുന്നുണ്ട്. ഇതോടൊപ്പം, ജനാധിപത്യത്തിനു വെല്ലുവിളിയായി നിലകൊള്ളുന്ന ആശയങ്ങളാണ് ഫാസിസവും കമ്മ്യൂണിസവും. കമ്മ്യൂണിസത്തിന്റെ, ഒരിക്കലും സംഭവിക്കാനിടയില്ലാത്ത 'അതിന്റെ മഹത്തായ തുല്യസമൂഹ'മെന്ന ആശയം മാറ്റിനിറുത്തിയാൽ അതും മറ്റൊരർത്ഥത്തിൽ ഫാസിസംതന്നെയാണ്. ഇവ രണ്ടും ഇരുപതാം നൂറ്റാണ്ടിൽ നാമത്താൽ ക്രോഡീകരിക്കപ്പെട്ടുവെന്നേയുള്ളൂ. ഈ ആശയധാരകൾ ഇതിനുമുമ്പും നിലനിന്നിരുന്നു.

ഡെമോക്രസിയുടെ സ്വാധീനമില്ലായ്മയാണ് ഇതുപോലുള്ള ആശയങ്ങളുടെ മൂലകാരണം. ഇതുതന്നെയാണ് ഇന്നത്തെ പല അധിനിവേശങ്ങളുടെയും കാരണവും. റഷ്യയുടെ ജനാധിപത്യമില്ലായ്മയാണ് യുക്രെയ്ന്റെ ദുഃഖം. ചൈനയുടെ ജനാധിപത്യരാഹിത്യമാണ് ടിബറ്റിന്റെ ദുഃഖം.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന പദവി ഇന്ത്യ അലങ്കരിക്കുമ്പോഴും ഫാസിസ്റ്റാശയങ്ങളിൽ ഇന്ത്യ ഒട്ടും പിന്നിലല്ല. നെഹ്റുവിന്റെ ഗവൺമെന്റിനുശേഷമുള്ള എല്ലാ സർക്കാരുകൾക്കും തന്നെ ഒരു ഫാസിസ്റ്റ് ശൈലി ഉണ്ടായിരുന്നു. അത് ഇന്നും തുടരുന്നു.

## ജനാധിപത്യത്തെക്കാൾ മികച്ച പ്രത്യയശാസ്ത്രം

യുവാൽ നോവ ഹരാരിയുടെ അഭിപ്രായത്തിൽ, ജനാധിപത്യത്തെക്കാൾ മികച്ചൊരാശയം ക്രോഡീകരിക്കപ്പെട്ടാൻ സമൂഹം അതിലേക്കു കൂറുമാറും. അത് ഏതു തരത്തിലുള്ളതുമാകാം. ഇടതു വലതു പക്ഷ ചായ്‌വുകളില്ലാത്ത ഒരു നവീനാശയമാകാം അത്.

ജനാധിപത്യാവകാശങ്ങളും മനുഷ്യാവകാശങ്ങളും ഹനിക്കപ്പെടാത്ത, ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്ന, അഴിമതി–സ്വജനപക്ഷപാതമുക്തമായ, ജനാധിപത്യത്തിലധിഷ്ഠിതമായ ഏകാധിപത്യ ഭരണക്രമമായിരിക്കും അത്.

ഇവിടെ പ്രതിപാദിച്ചത് ആശയങ്ങളുടെ അബദ്ധധാരണകളാകാം. എന്നാൽ, നാടോടികളായ മനുഷ്യരുടെ ജനാധിപത്യബോധമാണ് അവരെ ഡെമോക്രസിയിലേക്കു ചുവടുവയ്പ്പിച്ചത്. അന്നുള്ളവർക്കു സങ്കല്പിക്കാൻ കഴിയാത്ത ഒരു ജനാധിപത്യരൂപം ഭാവിയിൽ ക്രോഡീകരിക്കപ്പെട്ടേക്കാം. അത് ഒരിക്കലും നവീനാശയങ്ങളാൽ മാത്രം രൂപപ്പെടുന്നവയല്ല. മറിച്ച്, സമകാലികമായി നിലനിൽക്കുന്ന പല ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും അത് ഉൾക്കൊള്ളും. ■

# ദീപനാളം സാഹിത്യോത്സവം

**ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ 2022 ഒക്ടോബർ 24 ന് നടത്തിയ സാഹിത്യോത്സവത്തിൽ സമ്മാനാർഹരായവർ**

**വിജയികൾക്ക് ദീപനാളത്തിന്റെ അഭിനന്ദനങ്ങൾ**

## ഉപന്യാസരചന



**ആഗ്നറ്റ് മരിയ സോയി**
ഹോളിക്രോസ്
എച്ച്.എസ്.എസ്., ചേർപ്പുങ്കൽ
ഒന്നാം സ്ഥാനം



**എലിസബത്ത് സെബാസ്റ്റ്യൻ**
സെന്റ് മേരീസ്
ജി.എച്ച്.എസ്.എസ്., പാലാ
രണ്ടാം സ്ഥാനം



**അശ്വിൻ ജിയോ ടോം**
സെന്റ് തോമസ്
എച്ച്.എസ്.എസ്., പാലാ
മൂന്നാം സ്ഥാനം

## കവിതാരചന



**നിരഞ്ജന രതീഷ്**
സെന്റ് മേരീസ്
ജി.എച്ച്.എസ്.എസ്., പാലാ
ഒന്നാം സ്ഥാനം



**അൽഫോൻസ അലീന ജിമ്മി**
എസ്.എച്ച്.ജി.എച്ച്.എസ്
രാമപുരം
രണ്ടാം സ്ഥാനം



**അലീന ബാബു**
സെന്റ് മേരീസ് എച്ച്.എസ്.എസ്.,
ഭരണങ്ങാനം
മൂന്നാം സ്ഥാനം

## കഥാരചന



**ശ്രുതിനന്ദന എം.എസ്.**
എസ്.എച്ച്.ജി.എച്ച്.എസ്
രാമപുരം
ഒന്നാം സ്ഥാനം



**ലിയോ സ്റ്റീഫൻ മാനുവൽ**
സെന്റ് മേരീസ് എച്ച്.എസ്.എസ്.,
ഭരണങ്ങാനം
രണ്ടാം സ്ഥാനം



**അനിറ്റ് ജോസ്**
ഹോളിക്രോസ്
എച്ച്.എസ്.എസ്., ചേർപ്പുങ്കൽ
മൂന്നാം സ്ഥാനം

## ചിത്രരചന



**അലീന ഷെറിൻ ഫിലിപ്പ്**
സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ്
എച്ച്.എസ്.എസ്., നെടുംകുന്നം
ഒന്നാം സ്ഥാനം



**സൂരജ് സുരേഷ്**
സെന്റ് സേവ്യേഴ്സ്
വി.എച്ച്.എസ്.എസ്., കുറുപ്പന്തറ
രണ്ടാം സ്ഥാനം



**ശ്രീലക്ഷ്മി ജയറാം**
എസ്.എച്ച്.ജി.എച്ച്.എസ്.
ഭരണങ്ങാനം
മൂന്നാം സ്ഥാനം